ബഹൂനി സന്തി നാമാനി രൂപാണി ച സുതസ്യ തേ
ഗുണകർമ്മാനുരൂപാണി താന്യഹം വേദ നോ ജനാ: **(10-8-15)**
വത്സാൻ മുഞ്ചൻ ക്വചിദസമയേ ക്രോശസംജാതഹാസ:
സ്തേയം സ്വാദ്വത്ത്യഥ ദധി പയ: കൽപ്പിതൈ: സ്തേയയോഗൈ:
മർക്കാൻ ഭോക്ഷ്യൻ വിഭജതി സ ചേന്നാത്തി ഭാണ്ഡം ഭിനത്തി
ദ്രവ്യാലാഭേ സഗൃഹകുപിതോ യാത്യുപക്രോശ്യ തോകാൻ **(10-8-29)**

*ശുകമുനി തുടർന്നു:*
കുട്ടിക്കു പേരിടാനുള്ള സമയമായി. കുല ജ്യോതിഷിയായ ഗർഗനോട് യശോദയുടെയും രോഹിണിയുടെയും പുത്രൻമാർക്ക് പേരിടുന്ന ചടങ്ങ് നടത്തിക്കൊടുക്കാൻ നന്ദൻ അഭ്യർത്ഥിച്ചു. എന്നാൽ ഗർഗൻ തന്റെ ആശങ്ക പ്രകടിപ്പിച്ചു. "കംസൻ ഈ ചടങ്ങിനെപ്പറ്റി അറിഞ്ഞാൽ യശോദയുടെ കുഞ്ഞ് ദേവകീപുത്രനാണെന്ന് സംശയിച്ച് ഉപദ്രവിക്കാനൊരുങ്ങിയേക്കും. അതുകൊണ്ട് പരമരഹസ്യമായി ഒരു പശുത്തൊഴുത്തിൽ വച്ചാണ് നാമകരണം നടത്താം. ഗർഗൻ പറഞ്ഞു: ഈ മകൻ പലേ ജൻമങ്ങളും എടുത്തിട്ടുണ്ട്. അവയിൽ വെളുത്തവനായും ചുവന്നും മഞ്ഞനിറത്തിലുമുള്ള രൂപങ്ങൾ അവൻ ധരിച്ചിട്ടുണ്ട്. ഇപ്പോൾ അവൻ കൃഷ്ണൻ എന്നറിയപ്പെടും. ശ്യാമനിറമാണല്ലോ അവന്റേത്. കാലാകാലങ്ങളിലെ ആവശ്യങ്ങൾക്കനുസരിച്ച് ഇവന് പലേ നാമരൂപങ്ങൾ ഉണ്ടായിട്ടുണ്ട്. വസുദേവപുത്രനായതു കൊണ്ട് വാസുദേവൻ എന്നും ഇവനറിയപ്പെടും. ഇവൻ ഭഗവാൻ നാരായണന് തുല്യനത്രെ. ഇവനെ സ്നേഹിക്കുന്നവർക്കും ഇവനിൽ ഭക്തിയുള്ളവർക്കും ശത്രുക്കളിൽ നിന്ന് ദ്രോഹമുണ്ടാവുകയില്ല. അതുകൊണ്ട് അവനെ നല്ല പോലെ പരിരക്ഷിക്കുക". മറ്റേ കുട്ടി ബലൻ എന്നും രാമൻ എന്നും അറിയപ്പെട്ടു. രണ്ടു ബാലൻമാരും വളരെ വേഗം വളർന്നു. മുട്ടിലിഴയാൻ തുടങ്ങി കാൽത്തളമണികളിലെ മധുരശബ്ദങ്ങളാൽ അവിടം മുഖരിതമായി. അവരുടെ ശരീരം മിക്കവാറും പൊടിയും ചെളിയും പുരണ്ടിരുന്നു. അത് അവരുടെ ഭംഗി വർദ്ധിപ്പിക്കുകയും ചെയ്തു. വൃന്ദാവനത്തിലെ സ്ത്രീകളുടെ കണ്ണിലുണ്ണികളായി അവർ. ആ കുട്ടികൾ കുസൃതിത്തരങ്ങൾ കാട്ടി എപ്പോഴും വിശ്രമരഹിതമായി അവരുടെ അമ്മമാർക്ക് ആശങ്കയും ഭയവും നൽകി. താമമസമെന്യേ അവർ നടക്കാനും തുടങ്ങി.

ഒരിക്കൽ ഗോപികമാർ യശോദയോട് പരാതിപ്പെട്ടു. "ചിലപ്പോൾ നിങ്ങളുടെ മകൻ പാലു കറക്കുന്ന സമയത്തിനു മുൻപേ പശുക്കുട്ടിയെ അഴിച്ചു വിടുന്നു. ഞങ്ങളുടെ വീടുകളിൽ നിന്ന് വെണ്ണയും പാലും മോഷ്ടിക്കുന്നു. എന്നിട്ട് അവനത് കുരങ്ങൻമാർക്കു പോലും നൽകുന്നു. വീട്ടിൽ ഒന്നും തിന്നാൻ കിട്ടിയില്ലെങ്കിൽ കിടന്നുറങ്ങുന്ന കുട്ടികളെ നുള്ളി നോവിച്ച് കരയിപ്പിക്കുന്നു. അവനിൽനിന്ന് ഒന്നും ഒളിച്ചുവയ്ക്കാൻ വയ്യ. കാരണം അവൻ സ്വപ്രഭകൊണ്ട് മുറിയാകെ പ്രകാശിപ്പിച്ച് കലങ്ങളിൽ എന്താണുള്ളതെന്ന് നോക്കാതെ തന്നെ മനസ്സിലാക്കുന്നു. ഇതെല്ലാംകഴിഞ്ഞ് ഒന്നുമറിയാത്തപോലെ അവൻ നിങ്ങളുടെ അടുത്തു വരുന്നു." മറ്റൊരവസരത്തിൽ അവർ പരാതിപ്പെട്ടു. "നിങ്ങളുടെ മകൻ മണ്ണു തിന്നു." യശോദ കൃഷ്ണനെ ദേഷ്യപ്പെട്ടു. കൃഷ്ണൻ പറഞ്ഞു: ഞാൻ മണ്ണു തിന്നിട്ടില്ലമ്മേ. എന്നിട്ട് വായും തുറന്നുകാട്ടി. കൃഷ്ണന്റെ വായിൽ യശോദ ഈ വിശ്വത്തെ മുഴുവൻ ദർശിച്ചു. വൃന്ദാവനവും താനും എല്ലാം അതിൽ തെളിഞ്ഞുകാണാം. ആശ്ചര്യചകിതയായി അവർ സ്വയം സംസാരിക്കാൻ തുടങ്ങി. ഇത് മായയോ സത്യമോ? സത്യമെന്തെന്ന് ഈശ്വരനറിയാം. ഞാൻ ആ ഭഗവാനിൽ അഭയം പ്രാപിക്കുന്നു. അവിടുത്തെ മായാശക്തിയാലാണല്ലോ ഞാൻ നന്ദഗോപരുടെ ഭാര്യ യശോദയാണെന്നും ഇവനെന്റെ മകനാണെന്നും കരുതുന്നത്. കൃഷ്ണൻ അമ്മയ്ക്കു മുകളിൽ മായാപടം വീണ്ടുമിട്ടു. യശോദ മകനെ കുസൃതിക്കുടുക്കയായ കൃഷ്ണൻ എന്നു തന്നെ കരുതുകയും ചെയ്തു.

പരീക്ഷിത്തേ ബ്രഹ്മാവ് ദേവൻമാരോട് വൃന്ദാവനത്തിൽ ജനിക്കാൻ ആജ്ഞാപിച്ചല്ലോ. അപ്പോൾ ദ്രോണരും ഭാര്യ ധാരയും ഈ ജൻമത്തിൽ ഭഗവാനിൽ അതീവഭക്തിയുണ്ടാവാനായി പ്രാർത്ഥിക്കുകയും അവർ നന്ദനും യശോദയുമായി ജനിക്കുകയും ചെയ്തു. അങ്ങിനെ ഭഗവാനെ സ്വന്തം പുത്രനായി സ്നേഹിക്കാനുള്ള പരമഭാഗ്യം ലഭിക്കുകയും ചെയ്തു.